# പൗരന്റെ അവകാശങ്ങളും കടമകളും

# ആമുഖവും അവകാശങ്ങളും കർത്തവ്യങ്ങളും

- ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യയിൽ ചില സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക ലക്ഷ്യങ്ങൾ ഉറപ്പു വരുത്തുമെന്ന് പ്രഖ്യാപിക്കുന്നു
- അത്തരം ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഇന്ത്യൻ ഭരണഘടനയിൽ ചില വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരിക്കുന്നു
- അവയാണ്
    - മൗലികാവകാശങ്ങൾ
    - നിർദ്ദേശകതത്ത്വങ്ങൾ
    - മൗലികകർത്തവ്യങ്ങൾ
        - എന്നിവ

- 16ആം അനുച്ഛേദത്തിൽ വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ പൊതു ജീവനക്കാര്യത്തിൽ വിവേചനം പാടില്ല എന്നു പറയുന്നുണ്ടെങ്കിലും; സംസ്ഥാനത്തിനോ, യൂണിയൻ ടെറിട്ടറിക്കോ ചില പ്രത്യേക നിയമനം നടത്തുമ്പോൾ വാസസ്ഥലം എന്നത് പാർലമെന്റിന് ഒരു മാനദണ്ഡമാക്കി വയ്ക്കാം എന്ന് പ്രസ്ഥാവിക്കപ്പെട്ടിട്ടുണ്ട്
- വിവേചനം പാടില്ല എന്നത് മൗലിക അവകാശമാണെങ്കിലും റിസർവേഷൻ ലഭിയ്ക്കുക എന്നത് മൗലിക അവകാശമല്ല, മറിച്ച് സംസ്ഥാനങ്ങളുടെ വിവേചനാധികാര പരിധിയിൽ വരുന്ന കാര്യമാണ് (Eg: EWS)

- മൗലിക അവകാശങ്ങളിൽ 5 എണ്ണം (അനുച്ഛേദങ്ങൾ) ഇന്ത്യൻ പൗരനു മാത്രം ലഭിക്കുന്നവയാണ്
- Article 15, 16, 19, 29, 30 എന്നിവ ഇന്ത്യൻ പൗരൻമാർക്ക് മാത്രം ലഭിക്കുന്ന മൗലിക അവകാശങ്ങളാണ്
- മൗലികാവകാശങ്ങൾക്ക് പോസിറ്റീവും നെഗറ്റീവും ആയ സ്വഭാവങ്ങൾ ഉണ്ട്
  - പൗരന്റെ കാഴ്ചപ്പാടിൽ പോസിറ്റീവ് ആണ് (ലക്ഷ്യങ്ങൾ നേടിയെടുക്കുക, നേരായ രീതിയിൽ [ബാഹ്യ ഇടപെടലുകളുടെ സമ്മർദ്ദങ്ങൾ ഒരു പരിധി വരെയെങ്കിലും ഇല്ലാതെ] ജോലി ചെയ്യാൻ സാധിക്കുക, തുടങ്ങിയ കാഴ്ചപ്പാടിൽ, അഭിപ്രായ സ്വാതന്ത്ര്യം അനുഭവിക്കുക )
  - സംസ്ഥാനങ്ങളുടെ കാഴ്ചപ്പാടിൽ – നെഗറ്റീവ് (സംസ്ഥാനത്തിന്റെ/ഗവൺമെന്റിന്റെ മേലെ ചില പരിധികൾ വയ്ക്കുന്നു)

- മാർഗനിർദേശകതത്ത്വങ്ങൾ നടപ്പിലാക്കാൻ വേണ്ടി സ്വത്തുവകകൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ, മൗലികാവകാശങ്ങളുടെ മേൽ പരിമിതി സൃഷ്ടിക്കപ്പെടുന്നുണ്ട്. അതായത് അത്തരം സാഹചര്യങ്ങളിൽ നിർദേശകതത്ത്വങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കപ്പെടുന്നു

- ഇന്ത്യൻ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിയ്ക്കുന്ന ഭാഗം –IV A (ആർട്ടിക്കിൾ 51A)
- കടം കൊണ്ടിരിയ്ക്കുന്നത്– സോവിയറ്റ് യൂണിയനിൽ നിന്നും
- സ്വരൺ സിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 1976ൽ 42ആം ഭേദഗതിയിലൂടെ കൂട്ടിച്ചേർക്കപ്പെട്ടു
- സ്വരൺ സിംഗ് കമ്മിറ്റിയുടെ 8 കടമകൾ അംഗീകരിച്ചു
- 3 നിർദ്ദേശങ്ങൾ ഗവൺമെന്റ് അംഗീകരിച്ചില്ല

- സ്വരൺ സിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ഗവൺമെന്റ് അംഗീകരിക്കാതിരുന്നവ
    - മൗലിക കടമകൾ പാലിക്കാത്തവരെ ശിക്ഷിക്കുകയോ അവരിൽ നിന്ന് പിഴ ഈടാക്കുകയോ ചെയ്യാം
    - മേൽ പറഞ്ഞ ശിക്ഷാവിധികൾ നടപ്പിൽ വരുത്താൻ തയ്യാറാക്കുന്ന നിയമങ്ങൾ കോടതികളിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ല (ജുഡീഷ്യൽ റിവ്യൂവിന്റെ പരിധിയിൽ വരാൻ പാടില്ല )
    - നികുതി അടയ്ക്കുക എന്നത് മൗലിക കടമയാക്കുക

- 42ആം ഭേദഗതി പ്രകാരം മൗലിക കടമകൾ കൂട്ടിച്ചേർത്തപ്പോൾ മൗലിക കടമകളുടെ എണ്ണം – 10
- 11ആം മൗലിക കടമ കൂട്ടിച്ചേർത്ത ഭേദഗതി – 86ആം ഭേദഗതി, (2002)
- നിലവിൽ മൗലിക കടമകളുടെ എണ്ണം – 11

- മൗലിക കടമകളിൽ ചിലത് ധാർമികവും ചിലത് പൗരസംബന്ധമായവയുമാണ് (moral and civic duties respectively)
- Moral –
    - രാജ്യത്തെ ബഹുമാനിയ്ക്കുക
    - സ്ത്രീകളെ ബഹുമാനിയ്ക്കുക
    - അക്രമങ്ങളെ പ്രോത്സാഹിപ്പിക്കാതിരിക്കുക
        - തുടങ്ങിയവ

- മൗലിക കടമകളിൽ ചിലത് ധാർമികവും ചിലത് പൗരസംബന്ധമായവയുമാണ് (moral and civic duties respectively)
- Civic duties –
    - ഭരണഘടനയെ ബഹുമാനിയ്ക്കുക
    - ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ബഹുമാനിയ്ക്കുക
        - തുടങ്ങിയവ

- മൗലിക കടമകളിൽ ഇന്ത്യയുടെ പാരമ്പര്യത്തിലെയും, പല മതങ്ങളിലെയും, മതപരമായ ആചാരങ്ങളിലെയും , ഐതിഹ്യങ്ങളെയും, പുരാണകഥകളിലെയും ചില നല്ല ഘടകങ്ങളെ കാണാനായിട്ട് സാധിക്കുന്നു
- മൗലിക കടമകൾ പാലിക്കപ്പെടുന്നതിനു വേണ്ടി പൗരന് കോടതിയെ സമീപിക്കാൻ സാധിക്കില്ലെങ്കിലും, പാർലമെന്റിന് ചില കടമകൾ പാലിക്കപ്പെടാൻ വേണ്ടി നിയമം നിർമിക്കാം (വന്യമൃഗങ്ങളുടെയും മരങ്ങളുടെയും അനധികൃത കടത്തലിനും വിൽപ്പനയ്ക്കും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് ഇത്തരം നിയമങ്ങൾ പ്രകാരമാണ്)

- മൗലിക കടമകൾ നേരിടുന്ന ചില വിമർശനങ്ങളാണ്
    - നികുതി അടയ്ക്കുക, വോട്ട് ചെയ്യുക, കുടുംബാസൂത്രണം എന്നിവ കടമകളിൽ നിന്ന് ഒഴിവാക്കപ്പെട്ടത്
    - ചില കടമകൾ പറഞ്ഞിരിക്കുന്നതിന് സാധാരണക്കാർക്ക് മനസ്സിലാക്കാൻ മാത്രം വ്യക്തതയില്ല (ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികയതും തുടങ്ങിയവ )
- മൗലിക അവകാശങ്ങളുടെ തുടർച്ചയായി ചേർക്കാതെ, മാർഗനിർദ്ദേശങ്ങളുടെ തുടർച്ചയായി, ന്യായവാദത്തിനർഹമല്ലാത്ത രീതിയിൽ ചേർത്തത്

- മൗലിക കടമകളുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു കമ്മിറ്റിയാണ് 1999ലെ വർമ്മ കമ്മിറ്റി
- പാർലമെന്റിന് ഏതെങ്കിലും രീതിയിൽ മൗലിക കടമകളെ നടപ്പിൽ വരുത്താൻ (അടിച്ചേൽപ്പിക്കാൻ) നിയമം നിർമ്മിക്കാൻ സാധിക്കും എന്ന് നിർദ്ദേശിച്ചു (പരിസ്ഥിതി സംരക്ഷണം; ഭാഷ, മതം, വംശം, ജനനസ്ഥലം, തുടങ്ങിയവയുടെ വിവേചനത്തിനെതിരെയുള്ള നിയമങ്ങൾ)
    - ഉദാഹരണമായി The Prevention of Insults to National Honour Act (1971)
        - (ഇന്ത്യൻ ഭരണഘടനയോടും, ദേശീയ ഗാനത്തോടും, ദേശീയ ഗീതത്തോടുമുള്ള അനാദരവിനെതിരെയുള്ള നിയമം)